(ജി) ഈ പ്രദേശത്തുണ്ടായ അക്രമങ്ങളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരുടെ പേരിൽ ;

(എച്ച്) ഇതിൽ ഓരോ രാഷ്ട്രീയ കക്ഷികളിലേയും എത്ര പേർ വീതം പ്രതികളാണ് ; ഈ കേസുകളുടെ ഇപ്പോഴത്തെ നിലയെന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-എച്ച്) 21-4-2000-ന് നടന്ന നാദാപുരം മണ്ഡലം മുസ്ലീം യൂത്ത് ലീഗ് സമ്മേളനത്തിന് വാഹനത്തിൽ പോകുകയായിരുന്ന പ്രവർത്തകർ പ്രകോപനപരമായ മുദ്രാവാക്യം വിളിച്ചതിനെത്തുടർന്ന് എതിർവിഭാഗത്തിൽ പെട്ടവരുമായി വാക്കേറ്റവും അടിപിടിയും ഉണ്ടായി. ഇതേ തുടർന്ന് നാദാപുരം-കല്യാച്ചി മേഖലകളിൽ ചില കടകൾക്കും വീടുകൾക്കും നേരെ കല്ലേറും അക്രമങ്ങളും നടന്നിട്ടുണ്ട്. അക്രമണ സംഭവങ്ങളോടനുബന്ധിച്ച് സി.പി.ഐ (എം), ഐ.യു.എം.എൽ. പ്രവർത്തകരുടെ പേരിൽ നാദാപുരം പോലീസ് സ്റ്റേഷനിൽ 54 കേസ്സുകളും എടച്ചേരി പോലീസ് സ്റ്റേഷനിൽ19 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നു വരുന്നു.

സംസ്ഥാന പോലീസിന്റെ അംഗ സംഖ്യ

142 (62) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ അംഗസംഖ്യ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പോലീസിന്റെ അംഗസംഖ്യ എത്രയായിരുന്നു ;

(സി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) എസ്.പി., ഡി.വൈ.എസ്.പി. സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ തസ്തികകളിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു എന്നും മുൻസർക്കാരിന്റെ കാലത്ത് ജോലി ചെയ്തിരുന്നു എന്നും തസ്തിക തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 47, 482

(ബി) 43, 117

(സി) പുതുതായി ഒന്നും അനുവദിച്ചിട്ടില്ല.

(ഡി) 414 പോലീസ് സ്റ്റേഷനുകൾ

(ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly